ആദ്യമായിരിക്കും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പോസ്റ്റുമോർട്ടം സംബന്ധിച്ചാണ് ഞാൻ പ്രതിപാദിക്കുന്നത്. സമൂഹത്തെയാകമാനം ഞെട്ടിക്കുന്നതും ദിവസംതോറും പെരുകി വരുന്നതുമായ അപകട മരണങ്ങൾ, കൊലപാതകങ്ങൾ. ഇതുമൂലം മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിന് ഇരയാകുന്നു. മരണം സംബന്ധിച്ച് പോലീസ് ഇൻക്വസ്റ്റ് നടത്തും. വൈകുന്നേരം 4 മണി കഴിഞ്ഞാൽ മൃതശരീരം പോസ്റ്റ്മോർട്ടം ചെയ്യാൻ പറ്റില്ല എന്നാണ് അധികൃതർ പറയുന്നത്. നാചറൽ വെളിച്ചം വേണം എന്നതാണ് പ്രധാനമായി കാരണം പറയുന്നത്. മെഴുകുതിരി കത്തിച്ചു കൊണ്ടിരുന്ന ബ്രിട്ടീഷ് ആധിപത്യ ഭരണകാലത്ത് ഉണ്ടാക്കിയ ഒരു സംവിധാനമാണ് ഇത് എന്നാണ് എനിക്കു തോന്നുന്നത്. ഇതു സംബന്ധിച്ച് നിയമപരമായി എവിടെ പരിശോധിച്ചുനോക്കിയാലും കാണുന്നില്ല. ഫോറൻസിക് സയൻസിലും ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ട്രയൽസിലും ഇത്ര മണിക്കു ശേഷം പോസ്റ്റുമോർട്ടം നടത്താൻ പാടില്ല എന്നുള്ളത് കാണുന്നില്ല. അത്യാധുനിക സൗകര്യങ്ങൾ നിലവിലുള്ള ഈ നിയമസഭയുടെ വെളിച്ചം തന്നെ ഞാൻ ഉദാഹരണമായി സൂചിപ്പിക്കുകയാണ്. ഈ സാഹചര്യത്തിൽപോലും പോസ്റ്റുമോർട്ടം നാചറൽ വെളിച്ചമില്ലാതെ നടത്താൻ കഴിയുന്നില്ല എന്നാണ് പറയുന്നത്. ജീവനുള്ള ശരീരങ്ങൾ ഏത് അർദ്ധരാത്രിയിലാണെങ്കിലും ഏത് സമയത്താണെങ്കിലും കൃത്തിക്കീറുന്നു. മരിച്ച ശരീരം പോസ്റ്റുമോർട്ടം ചെയ്യാൻ ആധുനിക വെളിച്ചം പോരാ എന്നതാണ് നയമെങ്കിൽ ഈ രാജ്യത്തെ ജീവിക്കുന്ന മനുഷ്യരെക്കുറിച്ച് എന്ത് പറയാൻപറ്റും ? വളരെയധികം ദയനീയമായ ഒരു അവസ്ഥാവിശേഷം. ഒരാൾ ഒരു അപകടത്തിനിരയാകുന്നു. ആ അപകടത്തിന് ഇരയാകുന്ന മനുഷ്യനെ പോസ്റ്റുമോർട്ടം ചെയ്യാൻ ആ ദിവസം കഴിഞ്ഞില്ല എങ്കിൽ ആ കുടുംബക്കാരുടെ പ്രയാസം എന്താണ്! ആ പ്രയാസങ്ങൾ മനസ്സിലാക്കാൻ നമുക്ക് കഴിയണം. വൈകുന്നേരം മുതൽ ചിലപ്പോൾ നാലഞ്ചു ബോഡികൾ പോസ്റ്റുമോർട്ടത്തിനുണ്ടെങ്കിൽ പിറ്റേ ദിവസം വൈകുന്നേരം വരെ കാത്തുനിൽക്കേണ്ട ദയനീയാവസ്ഥ നിലനിൽക്കുകയാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ആധുനിക വെളിച്ചത്തിൽ പോസ്റ്റുമോർട്ടം നടത്തുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട ഗവൺമെന്റ് വേണ്ടത് ചെയ്യണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, നിലവിൽ ഉള്ള സർക്കാർ സർക്കുലർ അനുസരിച്ച് കഴിവതും പകൽ വെളിച്ചത്തിലാണ് പോസ്റ്റുമോർട്ടം നടത്തേണ്ടത് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്താണ് പോസ്റ്റുമോർട്ടം ചെയ്തുവരുന്നത്. അപകടങ്ങളിൽ കൂട്ടമരണം സംഭവിക്കുന്നതുപോലെയുള്ള ചില പ്രത്യേക സാഹചര്യങ്ങളിൽ ജില്ലാ മജിസ്ട്രേട്ടിന്റെ അനുമതിയോടുകൂടി 5 മണിക്കുശേഷവും പോസ്റ്റുമോർട്ടം ചെയ്യാറുണ്ട്. പോസ്റ്റുമോർട്ടത്തിന് വിധേയമാകുന്ന മൃതശരീരത്തിൽ ആന്തരികവും ബാഹ്യവുമായ പ്രത്യേകതകൾ കണ്ടുപിടിക്കുന്നതിനും മരണകാരണവും മരണസമയവും കണക്കാക്കുന്നതിനും പകൽ വെളിച്ചത്തിൽ പോസ്റ്റുമോർട്ടം നടത്തുന്നതാണ് കൂടുതൽ ഫലപ്രദം.

(3) 1999-2000-ാമാണ്ടിലെ ബഡ്ജറ്റിൽ അനുവദിച്ചതും ഇതുവരെ ആരംഭിക്കാത്തതുമായ വർക്കുകൾക്ക് അംഗീകാരം നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. ജി. സുധാകരൻ : സർ, എന്റെ മണ്ഡലമായ കായംകുളം മണ്ഡലത്തിൽ ബഹുമാനപ്പെട്ട ധനമന്ത്രി സഭയിൽ ഈ വർഷം അനുവദിച്ച ബജ്ഡറ്റ് വർക്കുകളിൽ ചിലത് ആരംഭിക്കാനുള്ളത് ആവശ്യമായിട്ടുള്ള എ.എസ്സും മറ്റ് സാമ്പത്തികാനുമതികൾക്കും ബഡ്ജറ്റ് തുക അപര്യാപ്തമായതിന് അത്യാവശ്യം ആരംഭിക്കുന്നതിനുള്ള തുകകളും ചേർത്ത് അടിയന്തിരമായി അനുമതി നൽകി മാർച്ച് 31-നു മുമ്പ് ആരംഭിക്കാൻ ഉത്തരവുണ്ടാകണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തീർച്ചയായും 14 വർഷക്കാലം മുടങ്ങിക്കിടന്ന കായംകുളം വനിതാ പോളിടെക്നിക്കിന് 3 കോടി രൂപ ക്യാബിനറ്റ് തീരുമാനിച്ച് നൽകിയ നടപടിയിൽ ഞങ്ങൾ അങ്ങേയറ്റം സന്തുഷ്ടരാണ്. ബഡ്ജറ്റിലുള്ള താഴെപ്പറയുന്ന വർക്കുകൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. കായംകുളം മിനി സിവിൽസ്റ്റേഷൻ നിർമ്മാണം, പോലീസ് സ്റ്റേഷൻ നിർമ്മാണം, കെ.പി. റോഡിൽ രണ്ടാംകുറ്റി പാലം നിർമ്മാണം, കരിയിലക്കുളങ്ങര-ബാക്ക് വാട്ടർ റോഡ്, മാവേലിക്കര-കൃഷ്ണപുരം റോഡ്, ഏവൂർ-മുട്ടം-കായംകുളം റോഡ്, പുതിയിടം - ഗോവിന്ദമുട്ടം-പ്രയാർ റോഡ്, കീരിക്കാട്-കനകക്കുന്ന് റോഡ്, കൃഷ്ണപുരം ടെക്നിക്കൽ ഹൈസ്ക്കൂൾ കെട്ടിട നിർമ്മാണം, കായംകുളം പോളിടെക്നിക്ക് നിർമ്മാണം, കണ്ടല്ലൂർ മീൻതിന്നിക്കാവ് പാടശേഖര ബണ്ട് നിർമ്മാണം തുടങ്ങിയ വർക്കുകളാണ്. ദയവായി ബഡ്ജറ്റ് തുക വിനിയോഗിക്കാൻ അങ്ങ് പ്രത്യേക നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-2000 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതും ഈ സബ്മിഷനിൽ പരാമർശിച്ചതുമായ നിർമ്മാണ പ്രവർത്തനങ്ങളിൽ ഒന്നാമത്തെ ഇനമായ കായംകുളം മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനുള്ള പദ്ധതിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകാൻ അംഗീകാരം നൽകിയിട്ടുണ്ട്. കരിയിലക്കുളങ്ങര ബാക്ക്വാട്ടർ റോഡിന്റെ എസ്റ്റിമേറ്റ് തുക 21.6 ലക്ഷം രൂപ, മാവേലിക്കര കൃഷ്ണപുരം റോഡിന്റെ എസ്റ്റിമേറ്റ് തുക 23.75 ലക്ഷം രൂപ, കായംകുളം കാർത്തികപ്പള്ളി റോഡിന്റെ എസ്റ്റിമേറ്റ് തുക 21 ലക്ഷം രൂപ, കൃഷ്ണപുരം ചൂനാർ റോഡ് എസ്റ്റിമേറ്റ് തുക 26.01 ലക്ഷം രൂപ എന്നിവ ഭരണാനുമതി നൽകുന്നതിനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും മതിയായ വിഹിതം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാതിരുന്നതിനാൽ (ഇത് എ.എസിനു വേണ്ടി പി.ഡബ്ല്യൂ.ഡി.യിൽ നിന്നും വന്നതാണ്) മാറ്റിവയ്ക്കാനാണ് ഉദ്ദേശിച്ചത്. ഈ സബ്മിഷനിൽ വിവരിക്കുന്ന മറ്റ് പണികളുടെ ഭരണാനുമതി സംബന്ധിച്ചുള്ള ഫയലുകൾ ധനകാര്യ വകുപ്പിന് ലഭിക്കുന്ന മുറയ്ക്ക് അതിൻമേൽ നടപടിയുണ്ടാകും. കായംകുളം വനിതാ പോളിടെക്നിക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കുവേണ്ടി ഈ കൊല്ലത്തെ ബഡ്ജറ്റിൽ രൂപ വകയിരുത്തുന്നതാണ്. മറ്റ് പണികൾക്കാവശ്യമായ തുക സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് അടുത്ത ബഡ്ജറ്റിൽ വകകൊള്ളിക്കുന്ന കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

(4) ഇഞ്ചി-കാപ്പി കൃഷിക്കാരിൽനിന്നും 8 ശതമാനം നികുതി ഈടാക്കുന്നതു മൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, ഇഞ്ചിക്കൃഷിക്കാരിൽനിന്നും കാപ്പിക്കൃഷിക്കാരിൽനിന്നും ഇന്നത്തെ കച്ചവടക്കാരിൽനിന്നും 8 ശതമാനവും അതിൽ കൂടുതലും നികുതി ഈടാക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷനിൽ കൂടി ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുന്നത്. വയനാട്ടിലെ ഇഞ്ചിക്കൃഷിക്കാർക്ക് ചെക്ക്പോസ്റ്റിൽ അവർ നിശ്ചയിക്കുന്ന വിലയനുസരിച്ച് ടാക്സ് കൊടുക്കണം. അത് കൃഷിക്കാരിൽ നിന്നും ഈടാക്കുന്നുണ്ട്. ചെക്ക്പോസ്റ്റിൽ ചെല്ലുമ്പോൾ കച്ചവടക്കാരും അവരും യോജിച്ച് 10 ലോഡ് പോകുകയാണെങ്കിൽ ഒരു ലോഡിനോ അര ലോഡിനോ ഈടാക്കിയെന്നുവരും. ഗവൺമെന്റിന് കിട്ടുന്നുമില്ല. കൃഷിക്കാരെ കൊള്ളയടിക്കുന്നുമുണ്ട്. അതുകൊണ്ട് കൃഷിക്കാർ അടുത്ത സ്റ്റേറ്റായ കർണാടകത്തിലേക്കും തമിഴ്നാട്ടിലേയ്ക്കും പോകുകയാണ്. പോകുന്നു എന്നുമാത്രമല്ല വയനാട്ടിലെ ആദിവാസികൾ, പണിയർ, അടിയാർ എന്നിവരെ അവിടെ കൊണ്ടുപോയി മദ്യപിപ്പിക്കുന്നു ; അവർ മരിക്കുന്നുമുണ്ട്. ആ നിലയ്ക്ക് ഇഞ്ചിക്കൃഷിക്കാരുടെ ടോളിനുള്ള

LIBRARY ARCHIVES Kerala Legislative Assembly